ഉത്തരം

(എ) 30-9-2004 വരെ 53.40%.

(ബി)

വർഷം (മാർച്ച്)	*വായ്പാ-നിക്ഷേപ അനുപാതം*
2001-2002	42.71%
2002-2003	45.47%

(സി) അനുപാതം കൂടുകയാണ്.

(ഡി) ഉദിക്കുന്നില്ല.

ബാങ്കിംഗ് സഹകരണ മേഖലകളുടെ പ്രവർത്തനം

4 [3866] *ശ്രീ. തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് സഹകരണ മേഖലകളുടെ പ്രവർത്തനമണ്ഡലം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും വായ്പ പെട്ടെന്ന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബാങ്കിംഗ് സഹകരണ മേഖലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള ആധുനിക മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും വായ്പ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

എയ്ഡ്സ് രോഗവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഫണ്ടുകൾ

5 [3867] *ശ്രീ. ജോർജ്ജ് ജെ. മാത്യു:*
,, *പി. ടി. തോമസ്:*
,, *ബി. വിജയകുമാർ:*
,, *എം. കെ. പോൾസൺമാസ്റ്റർ:*
ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് രോഗവുമായി ബന്ധപ്പെട്ട് യു. എൻ. ഒ.-യുടെ സ്പെഷ്യലൈസ്ഡ് ഏജൻസികൾ, വിദേശ ഗവൺമെന്റുകൾ, മറ്റു വിദേശ ഏജൻസി സ്ഥാപനങ്ങൾ, കേന്ദ്ര ഗവൺമെന്റ് എന്നിവ നൽകുന്ന തുകകൾ ബഡ്ജറ്റ് കണക്കുകളിൽ ചേർക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തുകൊണ്ട്;

(സി) കൺസോളിഡേറ്റഡ് ഫണ്ടിന്റെ നിർവ്വചനത്തിൽ ഇത്തരം തുക ഉൾപ്പെടുമോ;

(ഡി) എന്തെങ്കിലും പ്രത്യേക ആവശ്യത്തിനുവേണ്ടി ഗവൺമെന്റിന് മുൻപറഞ്ഞ മാർഗ്ഗത്തിൽക്കൂടി ലഭിക്കുന്ന എന്തെല്ലാം തുകകൾ നിയമസഭയറിയാതെ ചെലവഴിക്കപ്പെടുന്നു? വിശദാംശം നൽകുമോ?

ഉത്തരം

(എ) എയ്ഡ്സ് രോഗവുമായി ബന്ധപ്പെട്ട് കേന്ദ്ര ധനകാര്യ മന്ത്രാലയംവഴി ലഭിക്കുന്ന എല്ലാത്തരം സഹായധനങ്ങളും ബഡ്ജറ്റിൽ ഉൾപ്പെടുത്താറുണ്ട്. എന്നാൽ യു. എൻ. ഒ.-യുടെ സ്പെഷ്യലൈസ്ഡ് ഏജൻസികൾ, വിദേശ ഗവൺമെന്റുകൾ, വിദേശ ഏജൻസി സ്ഥാപനങ്ങൾ എന്നിവ *നേരിട്ട് ഉപയോക്താക്കൾക്ക് നൽകുന്ന തുകകൾ ബഡ്ജറ്റിൽ ഉൾപ്പെടാറില്ല.*

(ബി) ഇത്തരം ധനസഹായം സംസ്ഥാന സർക്കാരിന്റെ അക്കൗണ്ട് വഴി നിർവ്വഹണ ഏജൻസികൾക്ക് നൽകപ്പെടാത്തവയായതിനാൽ ഈ തുകകൾ സംസ്ഥാന ബഡ്ജറ്റ് കണക്കിൽ ചേർക്കാറില്ല.

(സി) ഇല്ല.

(ഡി) സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന തുകകൾ ബഡ്ജറ്റ് പ്രക്രിയയിലൂടെ മാത്രമേ ചെലവഴിക്കപ്പെടുന്നുള്ളൂ.

കേന്ദ്രപദ്ധതിപ്രകാരം അനുവദിച്ച തുക ഉപയോഗിച്ച് തുടങ്ങിയ പദ്ധതികൾ

6 [3868] *ശ്രീ. വർക്കല കഹാർ:*
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. ബാബു:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപദ്ധതിപ്രകാരം 2003-04-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ച ഏതെല്ലാം പദ്ധതിക്കുള്ള തുക ചെലവാക്കാതെയുണ്ട്;

(ബി) പ്രസ്തുതയിനത്തിൽ എത്ര തുക ചെലവാക്കാതെയുണ്ട്;

(സി) ധനകാര്യ വകുപ്പ് തുകയനുവദിക്കാതിരുന്നതുകൊണ്ട് ഈയിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന തുക ചെലവഴിക്കാതെ വന്നിട്ടുണ്ടോ;

(ഡി) തുകയനുവദിക്കണമെന്ന് ധനമന്ത്രി ഉത്തരവിട്ടിട്ടും തുകയനുവദിക്കാതിരുന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly